നം.D1-9723/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി-11.06.2019
Email-swdkerala@gmail.com
Phone-0471-2306040

## സർക്കുലർ

വിഷയം- സാ.നീ.വ-വകുപ്പ് മുഖേന 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതി സഹചാരിയുടെ പ്രവർത്തനം സംബന്ധിച്ച്.

സൂചന- 1. സ.ഉ.(സാ.ധാ) നം.267/2019/സാ.നീ.വ തീയതി:28.05.2019.

സമൂഹത്തിൽ തികച്ചും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗമായ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിലവിൽ വന്ന The Right of Persons with Disabilities Act 2016 ലെ Chapter 3 Education-ൽ സെക്ഷൻ 16 സബ്സെക്ഷൻ(1)ൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റ് കുട്ടികളെ പോലെ തന്നെ യാതൊരു വേർതിരിവുമില്ലാതെ വിദ്യാഭ്യാസം നേടുന്നതിനും കലാകായിക ഇനങ്ങളിലും മറ്റ് മാനസികോല്ലാസം ലഭിക്കുന്ന പരിപാടികളിലും പങ്കെടുക്കുന്നതിനും തുല്യത ഉറപ്പ് വരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന NSS/NCC/SPC യൂണിറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ സഹചാരി പദ്ധതിയ്ക്ക് സൂചന പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

**പദ്ധതി മാനദണ്ഡങ്ങൾ:**

1. ഗവൺമെന്റ്/എയ്ഡഡ്/പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളെയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളിലും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് NSS/NCC/SPC യൂണിറ്റിന് അവാർഡ് നൽകുന്നു.

2. ഒരു പ്രാവശ്യം അവാർഡ് ലഭിച്ച യൂണിറ്റിന് അടുത്ത മൂന്ന് വർഷത്തെ സമയ പരിധിയ്ക്ക് ശേഷം മാത്രം അവാർഡിനായി പരിഗണിക്കാവുന്നതാണ്.

3. അതാത് യൂണിറ്റ് തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപന മേധാവി ശുപാർശ ചെയ്ത് ഫോട്ടോ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. അവാർഡിന് അർഹരായവരെ കണ്ടെത്തുന്നതിന് എല്ലാ വർഷവും ജൂലൈ മാസത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും ഒക്ടോബർ, നവംബർ മാസങ്ങളിൽ തെരഞ്ഞെടുപ്പ് നടപടിക്രമം പൂർത്തീകരിച്ച് ഡിസംബർ മൂന്നാം തീയതിയിലെ അന്താരാഷ്ട്ര വികലാംഗ ദിനത്തിൽ അവാർഡ് നൽകാവുന്നതുമാണ്.

AL

5. വേണ്ടത്ര അപേക്ഷകളില്ലായെങ്കിലും മതിയായ പ്രവർത്തനം ഇല്ലാത്ത യൂണിറ്റുകളെ അവാർഡിനായി തെരഞ്ഞെടുക്കേണ്ടതില്ല.

6. ഗവൺമെന്റ്/എയ്ഡഡ്/പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളെയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്ന NCC, NSS, SPC യൂണിറ്റിനെ അവാർഡിനായി പരിഗണിക്കുമ്പോൾ ആദ്യ പരിഗണന നൽകേണ്ടതാണ്.

7. വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള വിവിധ പരിപാടികളിലും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് NSS/NCC/SPC യൂണിറ്റിനെ അവാർഡിനായി പരിഗണിക്കുമ്പോൾ രണ്ടാമത്തെ പരിഗണന നൽകേണ്ടതാണ്.

8. ആദ്യ പരിഗണനയിൽ പറയുന്ന വിഭാഗത്തിൽ അപേക്ഷകരില്ലായെങ്കിൽ രണ്ടാം പരിഗണനയിൽ വരുന്ന അപേക്ഷകർക്ക് അവാർഡ് നൽകാവുന്നതാണ്.

9. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിനായി പരിഗണിക്കാവുന്നതാണ്.

10. അവാർഡിനായി അപേക്ഷിക്കുന്ന വർഷത്തിന് തൊട്ടു മുൻപുള്ള വർഷത്തെ പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്.

11. **<u>നിർവ്വഹണ രീതി:</u>**

1. NSS/NCC/SPC യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറും, വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പിലെ റീജിയണൽ ഡയറക്ടർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ കണ്ടെത്തുന്ന അംഗപരിമിത മേഖലയിലെ വിദഗ്ധർ എന്നിവർ അംഗങ്ങളായ ഒരു തെരഞ്ഞെടുപ്പ് സമിതി രൂപീകരിക്കാവുന്നതാണ്.

2. ഒരു ജില്ലയിൽ നിന്നും പരമാവധി 3 NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്നതിനായി പ്രതിവർഷം തെരഞ്ഞെടുക്കാവുന്നതാണ്.

3. മികച്ച NCC/NSS/SPC യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിനായുള്ള സമിതിയിൽ സമിതി അംഗങ്ങളോടൊപ്പം ടി മേഖലയിലെ വിദഗ്ധനെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്.

4. അവാർഡിനായി തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് NCC/NSS/SPC യൂണിറ്റുകളിൽ ഒന്നിന് 10,000/- രൂപ ക്യാഷ് അവാർഡും, Certificate-ഉം, ഫലകവും നൽകാവുന്നതാണ്.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും സർക്കുലറിലെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

AL